# നടത്തം

എം. എൻ. കാരശ്ശേരി



നടത്തം

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Man with Walking-stick, a painting by Frederik Collett (1839–1914). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# നടത്തം

അഞ്ചിലോ ആറിലോ പഠിക്കുമ്പോഴാണ് ഗാന്ധിജിയുടെ ആത്മകഥയിലെ ആ ഭാഗം ഞാൻ പഠിച്ചത്. ലണ്ടനിൽ പഠിക്കുന്ന കാലത്ത് തരംകിട്ടുമ്പോഴൊക്കെ അദ്ദേഹം നടക്കുമായിരുന്നു. ഇതുകൊണ്ട് രണ്ട് പ്രയോജനമുണ്ട്. ഒന്ന്—വ്യായാമം, രണ്ട്—ചെലവുകുറവ്.

വ്യായാമത്തിനു വേണ്ടി കൂട്ടുകാർ കളിച്ചിരുന്ന കളികളൊന്നും കളിക്കുവാൻ എനിക്ക് ആരോഗ്യമില്ല. കുട്ടിക്കാലത്തേ ഞാൻ രോഗിയാണ്. പിന്നെ എനിക്ക് കളിയിൽ ഒട്ടും മിടുക്കില്ല. അതുകൊണ്ട് ഒരു ടീമിലും എന്നെ എടുക്കില്ല. അപ്പോൾ ഞാൻ വായനയിലേക്കു തിരിഞ്ഞു. വ്യായാമത്തിന് ഗാന്ധിജി പഠിപ്പിച്ചുതന്ന നടത്തം ഉണ്ടല്ലോ. അതിന് ആരെയും കാത്തുനില്ക്കേണ്ട, ആരും കൂട്ടത്തിൽ കൂട്ടിയില്ല എന്നും വേണ്ട.

ഞാൻ നടത്തം തുടങ്ങി. വെളുപ്പിന് അഞ്ചുമണിക്ക് എഴുന്നേറ്റ് നടക്കും. ചുരുങ്ങിയത് ഒരു മണിക്കൂർ. വൈകുന്നേരം ഏഴുമണിക്കും നടക്കും. ചുരുങ്ങിയത് ഒരു മണിക്കൂർ. ഇതൊക്കെക്കഴിഞ്ഞ് രാത്രിയിലും നടക്കും. അങ്ങനെയാണ് ഞാനൊരു 'തെണ്ടിമജിസ്ട്രേറ്റ്' ആയത്.

ആലോചനയും ബുദ്ധിയും ഓർമയും ഒക്കെ ഉണർന്നു പ്രവർത്തിക്കുന്നത് നടക്കുമ്പോഴാണ് എന്നാണ് എന്റെ അനുഭവം. ആളുകൾ കാര്യമായി വല്ലതും ആലോചിക്കുമ്പോൾ, അസ്വസ്ഥരാവുമ്പോൾ എഴുന്നേറ്റ് നടക്കുന്നത് കണ്ടിട്ടില്ലേ? ഇരുന്ന് സംസാരിക്കുന്നതിനെക്കാൾ നടന്ന് സംസാരിക്കുവാനാണ് എനിക്കിഷ്ടം. തർക്കവും ചർച്ചയുമൊക്കെ നടത്തത്തിൽ പൊടിപൊടിക്കും.

ആദ്യകാലത്ത് എന്റെ നാട്ടിലാർക്കും ഞാൻ എന്താണ് ചെയ്യുന്നത് എന്നു മനസ്സിലായിരുന്നില്ല. ബസ്സിലോ വണ്ടിയിലോ കയറാതെ നടന്നു മാത്രം പോകുവാൻ ഇഷ്ടമുള്ള നാടന്മാർ അവിടെ അക്കാലത്ത് ഒരുപാടുണ്ടായിരുന്നു. പക്ഷേ, ഞാൻ ചെയ്യുംപോലെ 'നടക്കാൻ പോവുക' എന്ന പണി അവരാരും എടുത്തിരുന്നില്ല. അവർ വല്ലേടത്തും പോവുമ്പോൾ നടന്നു, ഞാൻ നടക്കാൻ വേണ്ടി വല്ലേടത്തും പോയി!

എന്റെ പലതരം പിരാന്തുകളിൽ ഒന്നായി നാട്ടുകാർ ഇതവഗണിച്ചു. പിന്നെ ബസ്സിലോ ഓട്ടോറിക്ഷയിലോ നിവൃത്തിയുണ്ടെങ്കിൽ കയറാത്ത പിശുക്കൻ എന്നൊരു പേരും എനിക്കു വീണു.

കാശില്ലാഞ്ഞിട്ടാണെങ്കിലും ഒമ്പതിൽ പഠിക്കുമ്പോൾ ഞാൻ കോഴിക്കോട്ടുനിന്ന് മുക്കത്തേക്ക് (30 കി. മീ.) നടന്നിട്ടുണ്ട്. നിലാവത്ത് കൂട്ടുകാരോടൊപ്പം നടന്ന് ഞാൻ നേരം വെളുപ്പിച്ചിട്ടുണ്ട്.

രോഗങ്ങളിലും അപകടങ്ങളിലും ഞാൻ പലതവണ വീണിട്ടുണ്ട്. അതിനെപ്പറ്റിയൊന്നും എനിക്ക് പരിധിയിൽ കവിഞ്ഞ സങ്കടമോ പരാതിയോ തോന്നിയിട്ടില്ല.


ഡോ. എം. എം. ബഷീർ

അഞ്ചാറുകൊല്ലം മുമ്പ് ഞാൻ കോഴിക്കോട്ടുവെച്ച് വലിയൊരു കാറപകടത്തിൽ പെട്ടു. കൂടെയുണ്ടായിരുന്ന എന്റെ സ്നേഹിതൻ 'പൈങ്കിളി വേലായുധൻ' അതിൽ മരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജുകാർ എന്റെ ഇടത്തേ കാല് മുറിക്കണം എന്നു വിധിച്ചപ്പോൾ ഞാൻ ഞെട്ടി. എന്റെ നടത്തം എങ്ങനെ നടക്കും? എന്റെ സുഹൃത്തുക്കളായ ഡോ. ആർ. കൃഷ്ണനും ഡോ. എം. എം. ബഷീറും കൂടി എന്നെ അവർക്ക് വിട്ടുകൊടുക്കാതെ മറ്റൊരാശുപത്രിയിലേക്കു കൊണ്ടുപോയി. അവിടെനിന്ന് കോയമ്പത്തൂർ ഗംഗാ ഹോസ്പിറ്റലിലെത്തിയതുകൊണ്ടാണ് ചെറിയൊരു ഞൊണ്ടലോടെ ഇടംകാൽ രക്ഷപ്പെട്ടത്.

അക്കാലത്തു വൈകുന്നേരം കോയമ്പത്തൂർ ആശുപത്രിയിലെ റൂമിന്റെ വാതിൽ തുറന്നിടാൻ ഞാൻ ഭാര്യയോടു പറയും. എന്തിനെന്നോ? ആളുകൾ രണ്ടു കാലിൽ നടന്നു പോകുന്നത് കാണാൻ. എനിക്കതു വലിയ സന്തോഷമായിരുന്നു; ആശ്വാസമായിരുന്നു. എനിക്കിനി നടക്കാൻ സാധിക്കില്ല, മറ്റുള്ളവർ നടക്കുന്നത് കാണാമല്ലോ! ഒടുക്കം എല്ല് നേരെയായി ആദ്യത്തെ അടിവെച്ചപ്പോൾ ഞാൻ കരഞ്ഞു. വേദനകൊണ്ടാവും എന്നു പരിഭ്രമിച്ച ഡോക്ടറോട് ഞാൻ പറഞ്ഞു:

"അല്ല ഡോക്ടർ, സന്തോഷം കൊണ്ടാണ് ഞാൻ കരയുന്നത്. ഈ സന്തോഷത്തിൽ വേദനയൊന്നും ഒരു വിഷയമല്ല."

മഹാഭാഗ്യം. ഞാൻ വളരെ വേഗം നടത്തത്തിലേക്കു മടങ്ങിയെത്തി. അവിടത്തെ ഡോ. രാജശേഖരൻ പറഞ്ഞത് എല്ലാം—അദ്ദേഹം പറഞ്ഞതിലധികം—ഞാൻ ചെയ്തു. ആറാം മാസം ഞൊണ്ടലോടെയാണെങ്കിലും നീണ്ടുനിവർന്നു നടന്നുതുടങ്ങിയ എന്നെക്കണ്ട് ഡോ. രാജശേഖരൻ പോലും അമ്പരന്നു. അന്ന് അദ്ദേഹം പറഞ്ഞു; "പ്രഫസർ, നിങ്ങൾ വളരെ സാഹസികനാണ്. ഈ കാലുംവെച്ച് ഓടരുതേ." ഞാൻ പറഞ്ഞു: "ഇല്ല, ഡോക്ടർ. നടക്കാറായല്ലോ, എനിക്കതു മതി."

ശരീരം കൊണ്ട് അധ്വാനിക്കുന്നതിന്റെ ആനന്ദമാണ് മനുഷ്യജീവിയുടെ ശരിയായ ആനന്ദം എന്നാണ് എന്റെ വിശ്വാസം. വലിയ കായികാധ്വാനത്തിന് ശേഷിയുള്ള ശരീരമല്ല, എന്റേത്. എന്റെ തൊഴിലിലും അത് കുറവാണ്. എങ്കിലും നടന്ന് നടന്ന് ഞാൻ ആ വലിയ പാഠം പഠിച്ചു.

ഒരു കൊല്ലം മുമ്പ് രക്തത്തിൽ പഞ്ചസാര കൂടിയപ്പോൾ എന്റെ സുഹൃത്തുക്കളായ ഡോ. കെ. സുഗതനും ഡോ. നാണു നെല്ലിയോറയും ശകലം അമ്പരപ്പോടെ ചോദിച്ചു: "ഇത്രയും നടക്കുന്ന നിങ്ങൾക്കെങ്ങനെ ഈ രോഗം വന്നു? മകളുടെ കല്യാണത്തിന്റെ ടെൻഷൻ കൊണ്ട് വന്നതാവും. സാരമില്ല. നടത്തം ഒന്നു കൂട്ടിക്കോളൂ."

ആ ചികിത്സ എനിക്ക് സന്തോഷമായിരുന്നു. ഞാൻ നടത്തം കൂട്ടി. ദിവസം ചുരുങ്ങിയത് 5 കിലോമീറ്റർ. പഞ്ചസാര പോയ വഴി കണ്ടില്ല.

നടത്തം ശരീരത്തിന് സുഖം നല്കുന്ന പോലെ മനസ്സിനും സുഖം നല്കും. അസ്വസ്ഥതകളും ആധികളും ഉണ്ടാവുമ്പോൾ നടക്കുക എന്നതാണ് എന്റെ ശീലം.

എന്റെ ഏറ്റവും വലിയ കൂട്ടുകാരൻ എന്റെ നടത്തം ആണ്; എന്റെ ശരീരത്തെയും മനസ്സിനെയും ബുദ്ധിയെയും ഉന്മേഷപൂർണമാക്കുന്ന കൂട്ടുകാരൻ. നടക്കാൻ പറ്റാതെ കിടന്നുപോയാൽ എന്റെ കഥയെന്താ? കഷ്ടം, എന്റെ നാട്ടുകാരിലും കൂട്ടുകാരിലും വീട്ടുകാരിലും പെട്ട പലരും യാതൊരു കുഴപ്പവും ഇല്ലാഞ്ഞിട്ടും ആ ഇരിപ്പും കിടപ്പും ആണ്!

നടത്തം എന്നത് മനുഷ്യജീവിയുടെ പ്രധാനപ്പെട്ട ആവിഷ്കാരങ്ങളിലൊന്നാണ്. മറ്റു ഭാഷകളുടെ സ്ഥിതി എനിക്കറിഞ്ഞുകൂടാ, മലയാളത്തിൽ ആ പദം ജീവജാലങ്ങളുടെ സഞ്ചാരത്തിന് എന്നപോലെ എല്ലാ തരത്തിലുമുള്ള കാര്യനിർവഹണത്തെ സൂചിപ്പിക്കുവാനും ഉപയോഗിക്കുന്നുണ്ട്—അത് നടക്കുമോ? എന്ന ചോദ്യം ഓർത്തു നോക്കുക. നടത്തിപ്പ്, നടത്തിപ്പുകാരൻ തുടങ്ങിയ പദങ്ങൾ ഓർത്തുനോക്കുക. ഇംഗ്ലീഷിൽ ഇത് ഇത്തരത്തിൽ പറയാൻ കഴിയില്ല എന്നതുകൊണ്ടാവാം, മലയാളികൾക്ക് That will not walk here (അതിവിടെ നടക്കുകയില്ല!) എന്നൊരു തമാശയ്ക്ക് രൂപം കൊടുക്കുവാൻ കഴിഞ്ഞത്.

മലയാളികൾ 'നടത്തം' എന്നതിന്റെ താൽപര്യം മാത്രം എടുത്ത് ആ വാക്ക് പ്രയോഗിക്കുന്നതിന്റെ തമാശ കണ്ടിട്ടുണ്ടോ—"അയാൾ ഇപ്പോൾ കാറിലാണ് നടത്തം" എന്നു പറയും. "തേരിലേറി നടകൊണ്ടാൻ" എന്നു നമ്മുടെ കവി!

കാൽനടയാത്രക്കാരൻ ദരിദ്രനോ പിശുക്കനോ ആണെന്ന് ആളുകൾക്ക് ഒരു ധാരണയുണ്ട്. അയാൾ മോശക്കാരനാണെന്ന്! "എന്താ നടന്നു പോകുന്നത്" എന്ന ചോദ്യം ഒരു സഹതാപപ്രകടനമാണ്. ഇംഗ്ലീഷ് ഭാഷയിൽ pedestrain (കാൽനടയാത്രക്കാരൻ) എന്നു പറഞ്ഞാൽ നടന്നുപോകുന്നവൻ എന്നതിലധികം നിലവാരം കുറഞ്ഞവൻ എന്നാണർഥം!! ഈ മാനക്കേട് ഓർത്തിട്ടും കൂടിയാണ് ആളുകൾക്ക് നടത്തം നടക്കാത്തത്. നിങ്ങളുടെ മൂല്യം നിർണയിക്കുന്നത് കയറി 'നടക്കുന്ന' വാഹനമാണ്.

ഞാൻ ചികിത്സാരിയല്ല; രോഗിയാണ്. ഇക്കഴിഞ്ഞ കാലത്തിനിടയ്ക്ക് ഞാൻ അനവധി രോഗങ്ങളുടെ ഇരയായിട്ടുണ്ട്. ചികിത്സയുമായി എന്റെ ബന്ധം രോഗി എന്ന നിലയിലുള്ളതാണ്. അനുഭവമുണ്ടെന്നർഥം. ചികിത്സയുടെ ഒരു പ്രമാണവും എന്റെ ആലോചനകൾക്ക് പിൻബലം നല്കുന്നില്ല. പക്ഷേ, അനുഭവത്തിന് പ്രമാണത്തെ പേടിക്കേണ്ട. ആ ബലത്തിലാണ് ഞാൻ പറയുന്നത്: രോഗിക്കെന്നപോലെ ആരോഗ്യവാനും, ആരോഗ്യവാനെന്നപോലെ രോഗിക്കും നടത്തം നല്ലതാണ്. നടത്തം കൊണ്ടു എന്തു നടക്കും എന്ന് ചോദിച്ചാൽ എല്ലാം നടക്കും എന്നു ഞാൻ പറയും.

ഗാന്ധിജിയിൽനിന്ന് പഠിക്കാൻ ഒരുപാട്, ഒരുപാട് സംഗതികളുണ്ട്. എന്റെ വ്യക്തിജീവിതത്തിന്റെയും വ്യക്തിത്വത്തിന്റെയും പരിമിതികൾ കാരണം അവയിൽ മിക്കതും പഠിക്കാൻ എനിക്ക് സാധിച്ചിട്ടില്ല. ഒന്നു ഞാൻ പഠിച്ചെടുത്തു—നടത്തം.

ഈയിടെ കോഴിക്കോട്ടെ ഒരാശുപത്രിയിൽ ഒരു ബോർഡുകണ്ടു—Whereever you are, whenever you can: WALK (നിങ്ങൾ എവിടെയാണെങ്കിലും, എപ്പോൾ സാധിക്കുമെങ്കിലും: നടക്കു) എനിക്ക് ആ നിർദ്ദേശം വളരെ സമ്മതമായി.

കൈയും വീശി രണ്ടുകാലിൽ നടന്നുപോകുന്ന കോലത്തിലുള്ളതാണ് മനുഷ്യരുടെ ഏറ്റവും മനോഹരമായ ദൃശ്യം. അതുപോലെ അവർ ഉണർന്ന്, ഉന്മേഷവാന്മാരായിരിക്കുന്ന ദൃശ്യം വേറെയില്ല; അതുപോലെ അവരെ സ്വതന്ത്രരായി കാണുന്ന ദൃശ്യം വേറെയില്ല.

വർത്തമാനം ദിനപത്രം: 1 ജൂലായ് 2005.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്‌യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

---